# നോമ്പും വിവാഹ ബന്ധവും

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

നോമ്പാരംഭിക്കുന്ന ദിവസങ്ങളിൽ വിവാഹം നടത്തുവാൻ സഭ സാധാരണഗതിയിൽ അനുവദിയ്ക്കാത്തതിനെക്കുറിച്ച് സഭയിൽ പലർക്കും പരാതിയുണ്ട്. ഇയ്യിടെ "ഇളച്ചി വർഗീസ്" എന്ന പേരിൽ ഒരു ലേഖനം ചർച്ചു വീക്കിലിയിൽ പ്രസിദ്ധം ചെയ്തിരുന്നു. "ദൈവത്തിന്റെ ദിവസം ഏത്?" എന്നാണ് തലക്കെട്ട്. പേത്തർത്താ ഞായറാഴ്ചയും വ്യാഴാഴ്ചയുമൊക്കെ കല്യാണം നടത്താൻ അനുവദിയ്ക്കാത്തതു കൊണ്ടുണ്ടായ വലിയ അസൗകര്യങ്ങളെപ്പറ്റി ലേഖനത്തിൽ വികാരോദ്വേഗത്തോടെ പ്രതിപാദിയ്ക്കുന്നു.

എനിയ്ക്കറിയാവുന്ന ചില കാര്യങ്ങൾ ഇവിടെ എഴുതുന്നത്, വലിയ വാഗ്വാദത്തിലേക്ക് നയിക്കാൻ വഴിയുണ്ടെന്ന് അറിഞ്ഞുകൊണ്ടാണ്.

ഒന്നാമത് സഭയിലെ നോമ്പുകൾ എല്ലാം നമ്മുടെ കർത്താവോ ശ്ലീഹന്മാരോ ഏർപ്പെടുത്തിയതല്ല. പിന്നീടുണ്ടായ സഭാ ക്രമീകരണത്തിൽ പെട്ടതാണ്.

ക്രിസ്തീയ സമൂഹത്തിന്റെ സംശിക്ഷണത്തിനും ആത്മീയ വളർച്ചയ്ക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ച് ദൈവതിരുമുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

ഞായറാഴ്ച എല്ലാ ക്രിസ്ത്യാനികളും കുർബാന അനുഭവിക്കേണ്ട ദിവസമാണ്. പക്ഷേ ഇന്ന് ഒരു ചെറിയ ശതമാനം പേർ പോലും അങ്ങിനെ എല്ലാ ഞായറാഴ്ചയും കുർബാന അനുഭവിക്കുന്നുണ്ടെന്ന് തോന്നുന്നില്ല.

അതുപോലെ തന്നെയാണ് സഭയിലെ നോമ്പുകളുടെ ആചരണവും. നമ്മുടെ സഭയിൽ ഇപ്പോഴത്തെ ക്രമീകരണമനുസരിച്ച് അഞ്ചു നോമ്പുകളും, പിന്നെ എല്ലാ ആഴ്ചയിലും ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ള നോമ്പുമാണുള്ളത്. 50 നോമ്പും 25 നോമ്പും 15 നോമ്പും, 13 നോമ്പും, മൂന്നു നോമ്പും കൂടെ 106 ദിവസം – ശേഷിക്കുന്ന 259 ദിവസത്തിലെ ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള 49 ദിവസം കുറച്ചാൽ 210 ദിവസം. അല്ലെങ്കിൽ 30 ആഴ്ച. ഈ മുപ്പതു ആഴ്ചയിലെ ബുധനും വെള്ളിയും കൂടെ 60 ദിവസം. 106 + 60 = 166 ദിവസമാണ് നമ്മുടെ സഭയിൽ ഉപവാസ ദിവസങ്ങളായി ക്രമീകരിച്ചിട്ടുള്ളത്. 12 മാസത്തിൽ അഞ്ചര മാസം എന്നു വെയ്ക്കാം.

ഇത് ദയറായക്കാരെ ഉദ്ദേശിച്ചിട്ടുള്ള ക്രമീകരണമാണ്. യഥാർത്ഥത്തിൽ പഴയ പതിവനുസരിച്ച് യൽദാ നോമ്പ് 25 അല്ല 40 ദിവസമാണ്. അതുപോലെ ശ്ലീഹാ നോമ്പ് 13 ദിവസമല്ല, പ്രത്യുത പെന്തിക്കോസ്തിയുടെ പിറ്റേദിവസം മുതൽ ജൂൺ 29 വരെയുള്ള ദിവസങ്ങളാണ്. 1978 –ൽ പെന്തിക്കോസ്തി മേയ് 14 –നു ആയിരുന്നു. അതനുസരിച്ച് ശ്ലീഹാ നോമ്പ്, മെയ് 15 മുതൽ ജൂൺ 28 വരെയുള്ള 45 ദിവസമായിരുന്നു. ഇങ്ങനെ നോക്കുമ്പോൾ ഒരു സംവത്സരത്തിന്റെ പകുതിയിലധികം നോമ്പു നോക്കുക എന്നുള്ളത് ദയറായക്കാരെ ഉദ്ദേശിച്ചുണ്ടാക്കിയ ഒരു ക്രമീകരണമാണെന്നു മാത്രമല്ല, പഴയ കാനോൻ നിയമങ്ങളിലും കാണുന്നില്ല. നോമ്പു ദിവസങ്ങളിൽ മത്സ്യമാംസ വർജ്ജനം മാത്രമല്ല, ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ സാദ്ധ്യമല്ലെങ്കിൽ 3 മണി വരെയോ ഉപവസിയ്ക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

അതുകൊണ്ട് സഭയിൽ ആദ്യം ഉണ്ടാകേണ്ടുന്ന ക്രമീകരണം ഈ അഞ്ചു നോമ്പുകളും എല്ലാ അൽമായക്കാരും നോൽക്കണമെന്ന് നിർബന്ധിക്കാതെ ദയറായക്കാരും പട്ടക്കാരും നിർബന്ധമായി നോൽക്കണമെന്നും മറ്റുള്ളവർക്ക് 50 നോമ്പ്, മൂന്നു നോമ്പ് എന്നിവ മാത്രം നിഷ്ഠമായി നോൽക്കണമെന്നും, ശേഷിയ്ക്കുന്ന നോമ്പുകൾ Voluntary അതായത് അതിന്ന് വിളിയും സൗകര്യവുമുള്ളവർ മാത്രം നോൽക്കുക എന്നും തീരുമാനിക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു.

സഭയുടെ പാരമ്പര്യമനുസരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ളതാണ്. അതു കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

"ഏതെങ്കിലും ഒരു എപ്പിസ്ക്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂയായോ, മ്സമ്റോനോയോ, ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ചയോ) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീരരോഗം മൂലമല്ലെങ്കിൽ അയാളെ സ്ഥാനത്തു നിന്ന് നീക്കണം. അൽമായക്കാരനാണെങ്കിൽ മുടക്കണം."

എന്നാൽ വിവാഹം നടത്തിക്കൊടുക്കുന്നതിനെപ്പറ്റിയുള്ള പഴയ കാനോൻ ലവോദിക്യാ സുന്നഹദോസിന്റേത് (343 എ. ഡി.) കുസ്തന്തീനോപോലീസ് (381 എ. ഡി.) അംഗീകരിച്ചതാണ്. "കല്യാണങ്ങളും പിറന്നാൾ സദ്യകളും വലിയനോമ്പിൽ നടത്തിക്കൂടാ"എന്നു മാത്രമേ ഈ നിയമം (ലവോദിക്യാ 52) പറയുന്നുള്ളു. ബുധനാഴ്ചയുടേയും വെള്ളിയാഴ്ചയുടെയും കാര്യം ഒന്നും പറയുന്നില്ല. മറ്റു നോമ്പുകളെപ്പറ്റിയും പഴയ കാനോനകളിലൊന്നും കാണുന്നില്ല.

വിവാഹബന്ധത്തെപ്പറ്റിയുള്ള നിരോധനം കാനോനകളിൽ കാണുന്നത് കുർബാനയുള്ള ദിവസങ്ങളുടെ തലേ രാത്രികളേക്കുറിച്ചു മാത്രമാണ്. നോമ്പിൽ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കണം എന്ന നിബന്ധന കാനോനിൽ കാണുന്നില്ല. പരിശുദ്ധ വലിയനോമ്പിനെക്കുറിച്ചുള്ള കാനോനകളിലും  ഇതു കാണുന്നതു പിൽക്കാലത്തുണ്ടാക്കിയ ചില നിയമങ്ങളിൽ മാത്രമാണ്.

നമ്മുടെ ഹൂദായ കാനോൻ (മലയാളം) അഞ്ചാം അദ്ധ്യായത്തിലാണല്ലോ നോമ്പിനെപ്പറ്റിയുള്ള നിബന്ധനകൾ ഉള്ളത്. അവയിൽ ഒന്നും വിവാഹബന്ധത്തെക്കുറിച്ച് പറയുന്നില്ല.

വിവാഹത്തെപ്പറ്റി പറയുന്നത് എട്ടാം അദ്ധ്യായത്തിലാണ്. വിവാഹശുശ്രൂഷ നിരോധിച്ചിരിക്കുന്നത് വലിയനോമ്പിലും പെന്തിക്കോസ്തിയുടെ കാത്തിരിപ്പ് ദിവസങ്ങളിലുമാണ്. പേത്തർത്താ ഞായറാഴ്ച വിവാഹം നടത്തിക്കൂടാ എന്നു കാനോൻ നിയമമില്ല. നോമ്പ് ആരംഭിക്കുന്ന ഞായറാഴ്ച പാതിരാത്രിക്കു ശേഷം വിവാഹം പാടില്ല എന്നു വ്യക്തമായി കാണുന്നു (മലയാളം ഹൂദായ കാനോൻ, p. 144). എന്നാൽ ചൊവ്വാഴ്ചയും വ്യാഴാ

ഴ്ചയും ശനിയാഴ്ചയും പാടില്ല എന്ന് കാനോനിൽ കാണുന്നില്ല.

വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതായി പറയുന്നത് കുർബ്ബാനയനുഭവിക്കേണ്ടുന്ന ഞായറാഴ്ചകളേയും മാറാനായ പെരുന്നാളുകളേയുംകുറിച്ച് മാത്രമാണ് (മലയാളം ഹൂദായ, p. 189).

ഈ വിഷയത്തെക്കുറിച്ച് സഭ കൂടുതൽ ചിന്തിക്കേണ്ടുന്നയാവശ്യമുണ്ട്. സഭയുടെ പാരമ്പര്യമായി ഞാൻ കാണുന്നത് താഴെപ്പറയുന്നത് മാത്രമാണ്.

(1) ഭാര്യാ ഭർത്താക്കന്മാർ വിവാഹബന്ധത്തിൽ ജീവിക്കുന്നത് ദൈവതിരുമുമ്പാകെ അനുഗ്രഹീതമാകുന്നു. വിവാഹബന്ധത്തിൽ നിന്ന് ഉഭയ സമ്മതത്തോടെ ഒഴിഞ്ഞിരിക്കുന്നതും ദൈവതിരുമുമ്പാകെ പ്രസാദകരമാണ്.

(2) അവർ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കേണ്ടുന്നതായി സഭ പറയുന്നത് പരിശുദ്ധ കുർബ്ബാന അനുഭവിയ്ക്കേണ്ടുന്ന ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും മാത്രമാകുന്നു.

(3) മറ്റു സമയങ്ങളിൽ പരസ്പര സമ്മതത്തോടു കൂടെ മാത്രം വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കാവുന്നതാണ്.

(4) നോമ്പുകാലങ്ങളിൽ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നത് സ്വന്ത മനസ്സാലെയായിരിക്കണം.

(5) വലിയനോമ്പിന്റെ ആരംഭമായ ഞായറാഴ്ച സന്ധ്യയ്ക്കു ശേഷം ഉയിർപ്പു പെരുന്നാൾ വരെയുള്ള ദിവസങ്ങളിൽ വിവാഹം നടത്തരുത് എന്ന് പറയുന്നത് സദ്യകൾ നടത്തരുത് എന്നതിനോടനുബന്ധിച്ചാണ്. അല്ലാതെ വിവാഹബന്ധത്തിൽ നിന്ന് വേർപ്പെട്ടിരിയ്ക്കുന്നതിന്റെ പശ്ചാത്തലത്തിലല്ല.

(6) മറ്റു നോമ്പുകളെപ്പറ്റിയോ ബുധനാഴ്ച വെള്ളിയാഴ്ചയെക്കുറിച്ചോ പ്രധാനമായി നോക്കുവാനുള്ളത് ആ ദിവസങ്ങളിൽ കല്ല്യാണസദ്യകൾ നടത്തരുത് എന്നുള്ളത് മാത്രമാണ്.

(7) സ്വർഗ്ഗാരോഹണപ്പെരുന്നാളിന് ശേഷം പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളും കാത്തിരിപ്പിന്റെയും വ്രതാനുഷ്ഠാനത്തിന്റയും സമയങ്ങളായതുകൊണ്ട് ആ ദിവസങ്ങളിൽ സാധാരണഗതിയിൽ വിവാഹ ആഘോഷങ്ങൾ നടത്തിക്കൂടാ.

ഇവയത്രയും ഇപ്പോഴത്തെ വളരെ പരിമിതമായ അറിവു വെച്ചു കൊണ്ടുള്ള എന്റെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്. ഇതിൽ തെറ്റുണ്ടെങ്കിൽ തിരുത്തിത്തരുവാൻ മറ്റു പിതാക്കന്മാരേയും കശീശന്മാരേയും സവിനയം ക്ഷണിക്കുന്നു.

*(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ് - ജൂലൈ, 1988)*